ഫെബ്രുവരി 22 - 28

## പാഠം 9

## (സമൂഹം)

# അബ്രാം ദൈവത്തെ പിന്തുടരുന്നു

*വേദഭാഗം: ഉല്പത്തി 12:1-9; അ.പ്ര. 7:2-7; എബ്രാ. 11:8-12;* ***Patriarchs and Prophets pp. 125 - 131.***

*മനഃപാഠവാക്യം: "സ്നേഹം ആചരിക്കുവാൻ ഉത്സാഹിക്കുവിൻ" (1 കൊരി 14:1)*

### സന്ദേശം

"ക്രിസ്തീയ കുടുംബങ്ങൾ ദൈവത്തെ പിൻപറ്റുന്നു"

***നിങ്ങൾ എപ്പോഴെങ്കിലും ഒരു പുതിയ വീട്ടിലേക്ക് മാറിയിട്ടുണ്ടോ? ഒരു പുതിയ പട്ടണത്തിലേക്കോ അല്ലെങ്കിൽ രാജ്യത്തേക്കോ? മാറ്റം എളുപ്പമല്ല. വളരെയധികം സാധനങ്ങൾ അടുക്കിവെക്കുവാനുണ്ട്. അനേകം കൂട്ടുകാരേ വിട്ടുപോകേണ്ടതുണ്ട്. വളരെ നാളുകൾക്ക് മുമ്പ് ദൈവം അബ്രാമിനോട് അവന്റെ നാടും പിതൃഭവനവും വിട്ട് ദൂരെയുള്ള ഒരു രാജ്യത്തേക്ക് പോകുവാൻ ആവശ്യപ്പെട്ടു. അബ്രാം എന്ത് ചെയ്തുവെന്നാണ് നിങ്ങൾ കരുതുന്നത്?***

"അബ്രാം!" ഒരു വിളിശബ്ദം. അബ്രാം ചുറ്റുംനോക്കി. അവന് ആരെയും കാണുവാൻ കഴിഞ്ഞില്ല. "ആരാണ് എന്നെ വിളിക്കുന്നത്?" അവൻ അതിശയിച്ചു. "അബ്രാം!" ഞാൻ കർത്താവാകുന്നു, ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവം. അബ്രാം നിശ്ചലനായി നിന്നു. അവൻ ശ്വാസം പിടിച്ചു. അവൻ സശ്രദ്ധം കേട്ടു. ദൈവം യഥാർത്ഥമായും അവനോട് സംസാരിക്കുകയാണ്. "നീ ഊര് പട്ടണം വിട്ടു പോകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു," ദൈവം പറഞ്ഞു. "നിന്റെ പിതൃഭവനത്തെയും ചാർച്ചക്കാരെയും വിട്ട് ഞാൻ കാണിപ്പാനാരിക്കുന്ന ദേശത്തേക്ക് പോകുക. ഞാൻ നിന്നെ ഒരു വലിയ ജാതിയാക്കും," ദൈവം തുടർന്നു "ഞാൻ നിന്നെ കാക്കും. ഞാൻ നിന്നെ അനുഗ്രഹിക്കും. കൂടാതെ നിന്നിലൂടെ സകല ജാതിയും അനുഗ്രഹിക്കപ്പെടും."

അബ്രാമിന്റെ കുടുംബത്തിൽ, അനേക വർഷങ്ങൾക്കുശേഷം, ലോകത്തിന്റെ രക്ഷകൻ പിറക്കുമെന്ന് ദൈവം അവനോട് വിശദീകരിച്ചു. അനേക വർഷങ്ങൾക്കുശേഷം ബേത്ലഹേമിൽ ജനിക്കാനിരുന്ന രക്ഷകൻ യേശുവായിരുന്നു.

ദൈവം അബ്രാമിനോട് ചെയ്യുവാൻ ആവശ്യപ്പെടുന്നത് അത്ര എളുപ്പമുള്ള കാര്യമല്ലായിരുന്നു. എന്നാൽ അബ്രാമും അവന്റെ ഭാര്യ സാറായിയും

ദൈവത്തെ പിൻപറ്റാൻ ആഗ്രഹിച്ചു, അതിനാൽ അവർ അവരുടെ സാധ നങ്ങളെല്ലാം തയ്യാറാക്കിവച്ചു. അബ്രാമും അവന്റെ ദാസനമാരും അവരുടെ ചെമ്മരിയാടുകളെയും മറ്റ് മൃഗങ്ങളെയും ശേഖരിച്ചു. സാറായിയും അവ ളുടെ ദാസിമാരും യാത്രക്കുള്ള കൂടാരങ്ങളൊക്കെ ഒരുക്കി.



അബ്രാം ധനാഢ്യനായ ഒരു മനുഷ്യനായിരുന്നു, അവന് വലിയ കൂട്ടം ആടുകളും മറ്റ് മൃഗങ്ങളും ഉണ്ടായിരുന്നു. അവൻ യാതൊന്നും ഉപേക്ഷിച്ചിട്ട് പോകില്ല, പ്രത്യേകിച്ച് അവന്റെ മൃഗങ്ങളെ നോക്കാൻ സഹായിച്ച വേലക്കാരെ.

അതിനാൽ അബ്രാമും സാറാ യിയും അവർക്കുള്ളതെല്ലാം അവ രോടൊപ്പം കൊണ്ടുപോയി. അവർ തിരികെ വരില്ലെന്ന് അവർക്കറിയാ മായിരുന്നു. അബ്രാമിന്റെ അനന്തി രവൻ, ലോത്ത് അബ്രാമിനോടുംസാ റായിയോടുമൊപ്പം പോകാൻ തീരു മാനിച്ചു. അതിനാൽ ലോത്തും, അവന്റെ ഭാര്യയും കൂടാതെ അവന്റെ ദാസന്മാരും അവർക്കുള്ളതെല്ലാം തയ്യാറാക്കി. അവർ അവരുടെ മൃഗങ്ങളെയെല്ലാം ശേഖരിച്ച് യാത്രയ്ക്കുള്ള കൂടാരങ്ങൾ തയ്യാറാക്കി.

ലോത്തും ധനാഢ്യനായ ഒരു മനുഷ്യനായിരുന്നു, ഒരുപക്ഷേ അവന്റെ അമ്മാവനായ അബ്രാമോളം ധനവാനായിരുന്നില്ല. അത് ദൈവം അവർക്കായി തിരഞ്ഞെടുത്ത പ്രത്യേക സ്ഥലത്ത് എത്തുന്നതുവരെ അനേക ദിവസങ്ങൾ സഞ്ചരിക്കുന്ന ഒരു ചക്രങ്ങളിന്മേലുള്ള ഭവനമായി രിക്കും.

ഒടുവിൽ എല്ലാം തയ്യാറായ ദിവസം വന്നെത്തി. അബ്രാമും സാറാ യിയും വളരെ നേരത്തെ ഉണർന്നു. വേലക്കാരും ഉണർന്നു. ലോത്തും, അവന്റെ കുടുംബവും കൂടാതെ അവന്റെ ദാസന്മാരും തയ്യാറായി. ഏവരും അവരവരുടെ സാധനങ്ങൾ മൃഗങ്ങളുടെ മേൽ കയറ്റാൻ സഹായിച്ചു. ആടു കൾ അങ്ങോട്ടുമിങ്ങോട്ടും ഓടിപ്പോയപ്പോൾ അന്തരീക്ഷം ബാ-ബാ വിളി കൾകൊണ്ടു നിറഞ്ഞു.

ഒടുവിൽ അബ്രാമും, സാറായിയും, ലോത്തും അവരുടെ എല്ലാ ദാസ ന്മാരും പൊടിനിറഞ്ഞ വഴിയിലൂടെ നടന്നു. അവർ പോകണമെന്ന് ദൈവം ആഗ്രഹിച്ച സ്ഥലത്തേക്ക് വളരെയധികം ദൂരമുണ്ടായിരുന്നു. യഥാർത്ഥ ത്തിൽ, അവർ എവിടെക്കാണ് പോകുന്നതെന്നുപോലും അബ്രാമിനു കൃത്യ

മായി അറിയില്ലായിരുന്നു. എന്നാൽ ദൈവമാണ് അവരെ നടത്തുന്നതെന്ന് അവന് അറിയാമായിരുന്നു. കൂടാതെ അത് ധാരാളം മതിയായിരുന്നു. അബ്രാമും അവന്റെ കൂടെയുള്ളവരും ദൈവത്തെ പിൻപറ്റും.

## ചെയ്യുക പറയുക

**ശബ്ബത്ത്**

ശബ്ബത്ത് സ്കൂളിലുണ്ടാക്കിയ കാന്തവും പേപ്പർ ക്ലിപ്പും കൊണ്ടുള്ള മാല ആരെങ്കിലുമായി പങ്കുവെക്കാൻ കുട്ടിയെ സഹായിക്കുക. പേപ്പർ ക്ലിപ്പ് ആരെയാണ് പ്രതിനിധാനം ചെയ്യുന്നത്? കാന്തമോ? പങ്കുവെക്കുന്നതിനെക്കുറിച്ച് പാടുക, പിന്നീട് ഈ സമ്മാനം ലഭിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക.

തുടർന്നുള്ള ആംഗ്യങ്ങൾ ഉപയോഗിച്ച് ഈയാഴ്ചയിലെ മനഃപാഠ വാക്യം പറയുക.

**സ്നേഹം ആചരിക്കുവാൻ** – നെഞ്ചിൽ കൈകൾ പിണയ്ക്കുക

**ഉത്സാഹിക്കുവിൻ** – ദൂരത്തേക്ക് വിരൽ ചൂണ്ടുക

**1 കൊരി. 14:1** – കൈപ്പത്തി ചേർക്കുക, തുറക്കുക

**ഞായർ**

ഉല്പത്തി 12:1–5 ഒരുമിച്ച് വായിക്കുക. ചോദിക്കുക: ഭവനം വിട്ട് പോകുന്നതിനെക്കുറിച്ച് അബ്രാമിന് എന്ത് തോന്നിക്കാണും? അബ്രാമിനോട് ഒപ്പം യാത്ര പോകാൻ നിങ്ങൾ എന്തൊക്കെ എടുത്തേനെ? ഈയാഴ്ചയിൽ ദൈവം നിങ്ങളുടെ കുടുംബത്തിനെ നയിക്കുന്നതിനായി പ്രാർത്ഥിക്കുക.

**തിങ്കൾ**

കുട്ടിയോടൊത്ത് 'Follow the leader' കളിക്കുക. ലീഡറായി മാറി മാറി കളിക്കുക. ചോദിക്കുക: നിങ്ങളുടെ കുടുംബം ആര് നയിക്കണമെന്നാണ് നിങ്ങൾ കരുതുന്നത്? (ദൈവം) ദൈവം നിങ്ങളുടെ കുടുംബത്തെ നടത്തുന്ന വഴികളെക്കുറിച്ച് ചിന്തിക്കുക. അവൻ നമ്മെ ദിനംതോറും നടത്തുന്നു എന്ന് നമ്മെ അറിയിക്കുന്ന അവന്റെ വചനത്തിനായി (ബൈബിൾ) ദൈവത്തിന് നന്ദി പറയുക.

**ചൊവ്വ**

കുട്ടിയോടൊത്ത് ഒരു നീണ്ട നടപ്പിന് പോകുക, എന്നാൽ ലക്ഷ്യസ്ഥാനം പറയരുത്. എങ്ങനെ വസ്ത്രം ധരിക്കണം, എന്ത് എടുക്കണം,

എന്ത് തിന്നണം എന്നൊക്കെ തീരുമാനിക്കുക. ഒരു പ്രത്യേക സ്ഥലത്തേക്ക് നയിച്ച് നിങ്ങളുടെ ആഹാരം കഴിക്കുക. അബ്രാമിന്റെ കുടുംബത്തേയും അവന്റെ യാത്രയെയും കുറിച്ച് സംസാരിക്കുക. അവർ എന്തൊക്കെയാണ് എടുത്തത്? അവർ എന്തൊക്കെയാണ് തിന്നത്?

**ബുധൻ**

അബ്രാമിനോടൊപ്പം അവന്റെ യാത്രയിൽ കൂടെ പോയവരെക്കുറിച്ച് സംസാരിക്കുക. നിങ്ങളുടെ കുടുംബം ഒരു ദീർഘയാത്രക്ക് പോകുകയാണെങ്കിൽ നിങ്ങളോടൊപ്പം ആര് വരും? അവരുടെ പേരുകൾ പറയുമ്പോൾ അവരെ എണ്ണുക. നിങ്ങൾ യാത്ര ചെയ്യുമ്പോൾ നിങ്ങളെ നടത്തുന്നതിനായി ദൈവത്തിന് നന്ദി പറയുക.

**വ്യാഴം**

“I have decided to follow Jesus” പാടുക. ഒരു കുപ്പിയിലേക്ക് ഉരുളൻ കല്ലുകളോ, ഉണങ്ങിയ ബീൻസോ ഇടുക. പാട്ടുപാടുമ്പോൾ താളത്തിനൊത്ത് കുട്ടി ആ കുപ്പി കുലുക്കട്ടെ. ഇന്ന് നിങ്ങളുടെ കുടുംബത്തെ നയിക്കുന്നതിനായി ദൈവത്തിന് നന്ദി പറയുക.

**വെള്ളി**

ആരാധനക്ക് ബൈബിൾക്കഥ ആവർത്തിക്കുക. ഓരോ വ്യക്തിയോടും ദൈവം അവരെ നയിച്ച ഒരു സമയത്തെ സംബന്ധിച്ച് പറയുവാൻ ആവശ്യപ്പെടുക. ഇന്നലെ ഉണ്ടാക്കിയ താള ഉപകരണം ഉപയോഗിക്കാൻ കുട്ടിയോട് പറയുക. ഈയാഴ്ചയിൽ നിങ്ങളുടെ കുടുംബത്തെ നയിച്ചതിനായി ദൈവത്തിന് നന്ദി പറയുക.